## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 304

08.02.2016-ൽ മറുപടിക്ക്.

### പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ

(എ) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും 30 സെന്റ് ഭൂമി ലഭ്യമാക്കുവാൻ ബഹു. ആഭ്യന്തരമന്ത്രി നിർദ്ദേശിച്ചതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ; കാലതാമസം ഒഴിവാക്കി ഭൂമി എന്നത്തേക്ക് കൈമാറി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

മറുപടി

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

: (എയും, ബിയും) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിൻ പ്രകാരം പരവൂർ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള 30 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പും പോലീസ് വകുപ്പും ചേർന്ന് 30.11.2015-ൽ പരിശോധന നടത്തുകയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് യോജിച്ചതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. സ്ഥലം കൈമാറുന്നതിനായി പോലീസ് വകുപ്പിൽ നിന്നും സമ്മതപത്രം അടിയന്തിരമായി ലഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

K Beena

സെക്ഷൻ ഓഫീസർ